# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3484

23.06.2014-ൽ മറുപടിയ്ക്ക്

**മാസ്കറ്റ് ഹോട്ടലിൽവച്ച് മാനഭംഗപ്പെടുത്തിയെന്ന സരിത .എസ്.നായരുടെ പരാതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.എസ്.സലീഖ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മാസ്കറ്റ് ഹോട്ടലിൽവെച്ച് മാനഭംഗപ്പെടുത്തിയെന്നാരോപിച്ച് സരിത.എസ്.നായർ നൽകിയ പരാതിയിന്മേൽ കേസ് എടുത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൽ എന്തെല്ലാമാണ്; | (എ) സരിത എസ്.നായർ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി വനിതാ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 6/14 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) അതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരെ കേസ് എടുത്തിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്താമോ; | (ബി) പരാതിയിൽ എതിർകക്ഷിയായി ആരോപിക്കപ്പെട്ട അബ്ദുള്ളക്കുട്ടി എം.എൽ.എ.യെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി കേസിൽ u/s 354,354(A), 376 and 506 IPC പ്രകാരമുള്ള വകുപ്പുകൾ ചേർത്തിട്ടുണ്ട്. |
| (സി) പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തിട്ടുണ്ടോ;കേസ് അന്വേഷണം നടത്തുന്നത് ആരാണ്; | (സി) ഇല്ല. തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ശ്രീമതി. അജിതാബീഗം ഐ.പി.എസിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ഡി) പ്രസ്തുത പരാതിയിൽ അന്വേഷണം നേരിടുന്ന പ്രതി മുഖ്യമന്ത്രിയെ നേരിൽ കണ്ടതായി അറിയാമോ? | (ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് നേരിൽ കണ്ടതായി വിവരമില്ല. |

17/6/14

സെക്ഷൻ ഓഫീസർ